**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **486** — **18.05.2017** ൽ മറുപടിക്ക്

## പാറ ഉല്പന്നങ്ങളുടെ അമിത വിലവർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ് | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ക്രഷർ ഉടമസ്ഥർ യാതൊരു മാനദണ്ഡവും പാലിക്കാതെ പാറയ്ക്കും പാറ ഉല്പന്നങ്ങൾക്കും അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 02.12.2016 ലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ പാരിസ്ഥിതികാനുമതിയില്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികൾ എല്ലാം തന്നെ നിർത്തിവയ്ക്കേണ്ടിവന്നു. കരിങ്കൽ ക്വാറികൾ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമായതിനെതുടർന്ന് കരിങ്കല്ലിന്റെ ഉൽപാദനം കുറയുകയും അതുമൂലം ചിലയിടങ്ങളിൽ വില വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമാതീതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് എത്ര പരാതികൾ ഈ സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കരിങ്കല്ല് / കരിങ്കല്ല് ഉത്പന്നങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച് തിരുവനന്തപുരം സിമെന്റ് ബ്ലോക്ക് വർക്കേഴ്സ് വെൽഫെയർ അസോസിയേഷൻ, ശ്രീ. അയൂബ് ഖാൻ, പ്ലാവില പുത്തൻവീട്, പുന്നയം, തിരുവനന്തപുരം ജില്ലയിലെ പി.ഡബ്ലിയു.ഡി. കോൺട്രാക്ടർമാർ തുടങ്ങിയവരുടെ പരാതി ലഭിച്ചിട്ടുണ്ട്. |
| (സി) വിവിധ ഇനം പാറ ഉല്പന്നങ്ങളുടെ വില ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) വിവിധ തരം പാറ ഉല്പന്നങ്ങളുടെ ഉല്പാദനച്ചെലവ് വ്യത്യസ്തമായതിനാൽ വില ഏകീകരിക്കൽ പ്രായോഗികമല്ലാത്തതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) അമിത വില വർദ്ധനമൂലം വിവിധ സർക്കാർ ഭവന പദ്ധതികൾ തകിടം മറിഞ്ഞിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ദുർബല വിഭാഗങ്ങൾക്കായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന സാഫല്യം ഭവന നിർമ്മാണ പദ്ധതിയിലെ ഫ്ലാറ്റുകളുടെ നിർമ്മാണം, കെട്ടിട നിർമ്മാണ സാധനങ്ങളുടെ അമിത വില വർദ്ധനമൂലം ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥ വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | നിലവിൽ നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെ നവീകരണത്തെ ഈ വില വർദ്ധനവ് വളരെയധികം ബാധിക്കുന്നതുമൂലം പല സ്ഥലങ്ങളിലും റോഡ് പണിതന്നെ നിർത്തിവച്ചിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | വില വർദ്ധനവ് മൂലം ചില സ്ഥലങ്ങളിലെ റോഡ് പണികൾ മന്ദഗതിയിലായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ക്വാറി ഉടമകളെ വിളിച്ച് ഒരു ചർച്ചയിലൂടെ അടിയന്തരമായി ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ബഹു. സുപ്രീംകോടതി വിധിയെ തുടർന്ന് പരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികൾ നിർത്തിവയ്പ്പിക്കേണ്ടി വന്നതിനെതുടർന്ന് സംസ്ഥാനത്തെ ഖനന നിർമ്മാണ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.12.16 നും 28.03.17 നും രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് പ്രസ്തുത യോഗങ്ങളിൽ തീരുമാനമെടുക്കുകയുണ്ടായി. പാരിസ്ഥിതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഖനനാനുമതി നൽകുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് സജ്ജമാണ്. കൂടുതൽ ക്വാറികൾ പ്രവർത്തിച്ചുതുടങ്ങുന്നതോടെ ക്വാറി ഉല്പന്നങ്ങളുടെ ലഭ്യത കൂടുകയും വിലവർദ്ധനവ് തടയാനാകുമെന്നും സർക്കാർ കരുതുന്നു. |

**സെക്ഷൻ ഓഫീസർ**